LIBRARY ARCHIVES Kerala Legislative Assembly

കേരള വാട്ടർ അതോറിറ്റി

വരൾച്ച പ്രതിരോധിക്കുന്നതിനായി ജലസ്രോതസ്സുകളിലെ ജലവിതാനം കുറയുന്നത് തടയുന്നതിനും ജലവിതാനം ഉയർത്തുന്നതിനുംവേണ്ടി കേരള വാട്ടർ അതോറിറ്റിയുടെ വിവിധ ജലവിതരണ പദ്ധതി പ്രദേശങ്ങളുടെ സ്രോതസ്സുകളിൽ തടയണ നിർമ്മാണം, സ്രോതസ്സുകളിലെ ചെളി, മണ്ണ് എന്നിവ നീക്കം ചെയ്യൽ, ഇൻഫിൽട്രേഷൻ, ഗാലറി ശുദ്ധീകരണം എന്നീ പ്രവൃത്തികൾ ധനലഭ്യതയ്ക്കനുസൃതമായി വരൾച്ചാ ദുരിതാശ്വാസ പ്രവൃത്തികളിൽ ഉൾപ്പെടുത്തി ചെയ്യുവരുന്നു.

ജലനിധി

കിണറുകളിലെ point recharge, roof water harvesting, ചെറുകിട തടയണകൾ, Gabion structure, Radial Arm, നീർക്കുഴികൾ, ഓട (ഓവ്ചാൽ നിർമ്മാണം), sub-surface dyke എന്നീ രീതികൾ ഭൂമിയുടെ കിടപ്പനുസരിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.

ഭൂജലവകുപ്പ്

കൃത്രിമ ഭൂജല സംപോഷണംവഴി ഭൂജലവിതാനത്തിന്റെ നിരപ്പ് വർദ്ധിക്കുന്നതുമൂലം വേനൽക്കാലത്ത് കിണറുകളിലെ ജലവിതാനം താഴുപോകാതെ സംരക്ഷിക്കപ്പെടുന്നു.

മുല്ലപ്പെരിയാർ മേൽനോട്ട സമിതിയുടെ പ്രവർത്തനം

197 (889) ശ്രീ. കെ. രാധാകൃഷ്ണൻ :
ശ്രീ. രാജു എബ്രഹാം :
ശ്രീ. എസ്. രാജേന്ദ്രൻ :
ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2014 ഡിസംബറിൽ മുല്ലപ്പെരിയാർ ജലനിരപ്പ് 142 അടിയിലേക്ക് ഉയർത്തിയപ്പോൾ അതിന് മേൽനോട്ടം വഹിക്കേണ്ട സമിതിയുടെ പ്രവർത്തനം വിലയിരുത്തിയിരുന്നോ ;

(ബി) മേൽനോട്ടം സമിതിയുടെ അദ്ധ്യക്ഷന്റെ പ്രവർത്തനം അങ്ങേയറ്റം പക്ഷപാതപരമായിരുന്നെന്നകാര്യം പരിശോധിച്ചിട്ടുണ്ടോ ; വസ്തുതകളുടെ വെളിച്ചത്തിൽ ഇക്കാര്യം സുപ്രീംകോടതിയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടോ ;

(സി) സംസ്ഥാനത്തെ ജനങ്ങളുടെ ജീവനും സ്വത്തിനും സുരക്ഷ ഉറപ്പാക്കാനായി നിഷ്പക്ഷമായി പ്രവർത്തിക്കുന്ന ഒരു മേൽനോട്ട സമിതിയെ നിയമിക്കാനായി സർക്കാർ സ്വീകരിച്ച നിയമനടപടികളും ഭരണപരമായ നടപടികളും അറിയിക്കാമോ ?

ഉത്തരം

(എ) വടക്കുകിഴക്കൻ മൺസൂൺ ശക്തിപ്പെട്ടപ്പോൾ നീരൊഴുക്ക് വർദ്ധിച്ചതിന്റെ അടിസ്ഥാനത്തിൽ സ്ഥിതിഗതികൾ വിലയിരുത്തുന്നതിനായി മേൽനോട്ട സമിതിയുടെ യോഗം എത്രയും പെട്ടെന്ന് വിളിച്ചുചേർക്കണമെന്ന് കേരളം മേൽനോട്ട സമിതി ചെയർമാനോട് അഭ്യർത്ഥിച്ചിരുന്നു. എന്നാൽ കേരളത്തിന്റെ അഭ്യർത്ഥനയ്ക്ക് പരിഗണന ലഭിക്കാത്ത സാഹചര്യത്തിൽ, മേൽനോട്ട സമിതിയുടെ അടിയന്തരയോഗം വിളിച്ചുചേർക്കാൻ 17-11-2014-ൽ കേരളം വീണ്ടും ആവശ്യപ്പെട്ടു. ജലനിരപ്പ് 142 അടിയോട് അടുത്തുവരുന്ന സാഹചര്യത്തിൽ മേൽനോട്ട സമിതിയുടെ യോഗം വിളിച്ചുചേർക്കാതിരിക്കുന്നത് ലക്ഷ്യത്തിൽനിന്നുമുള്ള വ്യതിയാനമാണെന്നും സമിതിയിൽ നിക്ഷിപ്തമായിട്ടുള്ള ചുമതലകൾ നിറവേറ്റുന്നതിൽ മേൽനോട്ട സമിതി പരാജയപ്പെട്ടതായി കണക്കാക്കേണ്ടിവരുമെന്നും കേരളം സമിതി ചെയർമാന് അയച്ച കത്തിൽ സൂചിപ്പിച്ചിരുന്നു. മേൽനോട്ട സമിതിയുടെ യോഗം വിളിച്ചുചേർക്കാൻ കേരളം പലതവണ ആവശ്യപ്പെട്ടിരുന്നുവെങ്കിലും ജലനിരപ്പ് 142 അടിയായി ഉയർത്തിയശേഷം 24-11-2014-ൽ മാത്രമാണ് മേൽനോട്ട സമിതിയുടെ യോഗം കൂടിയത്.

(ബി) നിലവിലുള്ള മേൽനോട്ട സമിതി രൂപീകരിക്കുന്നതിന് സുപ്രീംകോടതി നിർദ്ദേശപ്രകാരം നടപടികൾ സ്വീകരിച്ചിരിക്കുന്നത് കേന്ദ്രസർക്കാരിൽ നിന്നുമാണ്. മുല്ലപ്പെരിയാർ വിഷയത്തിൽ കേരളത്തിന്റെ ആശങ്കകൾ ദൂരീകരിക്കുന്നതിന് ഉചിതമായ നടപടി സ്വീകരിക്കുന്നതിന് മേൽനോട്ട സമിതി ചെയർമാന്റെ ഭാഗത്തുനിന്നും നടപടി ഉണ്ടായിട്ടില്ലെന്നുള്ള വിവരം കേന്ദ്രജലകമ്മീഷനേയും കേന്ദ്രജലവിഭവ വകുപ്പ് സെക്രട്ടറിയേയും അറിയിച്ചിട്ടുണ്ട്.

(സി) സുപ്രീംകോടതിയുടെ നിർദ്ദേശപ്രകാരം കേന്ദ്രസർക്കാരാണ് നിലവിലുള്ള മേൽനോട്ട സമിതി രൂപീകരിച്ചിട്ടുള്ളത്. മേൽനോട്ട സമിതിയിലെ കേരളത്തിന്റെ പ്രതിനിധി കേരളത്തിന്റെ ആവശ്യങ്ങൾക്കുവേണ്ടി സമിതി യോഗങ്ങളിൽ ശക്തമായി വാദിക്കാറുണ്ട്. മുല്ലപ്പരിയാർ വിഷയത്തിൽ സംസ്ഥാന താല്പര്യങ്ങൾ സംരക്ഷിച്ചുകിട്ടുന്നതിന് ദോഷകരമായുള്ള തീരുമാനങ്ങൾ നിലവിലുള്ള മേൽനോട്ട സമിതിയിൽനിന്നുമുണ്ടായാൽ നിഷ്പക്ഷമായി പ്രവർത്തിക്കുന്ന പുതിയ സമിതിയെ നിയോഗിക്കണമെന്ന ആവശ്യം ഉന്നയിക്കണമെന്നും അതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്നുമാണ് ഇക്കാര്യത്തിലുള്ള സർക്കാരിന്റെ നിലപാട്.

LIBRARY ARCHIVES Kerala Legislative Assembly